**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **13/7/2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ: 1591**

## ഇ.എം.എസ് ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്: | ഡോ.എം.കെ.മുനീർ<br>( പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുവാൻ സഹകരണ ബാങ്കുകളുടെ സഹായം തുടർന്നും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി ധനസഹായം നൽകുന്നതിന് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2009-10-ൽ അനുവദനീയമായ വികസന ഫണ്ടിന്റെ 15%-ന് തുല്യമായ തുക വായ്പയായി ലഭ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് വീട് നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) സംസ്ഥാന പദ്ധതിയായ ആശ്രയ, എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന, സംയോജിത ചേരി നിർമ്മാർജ്ജന പദ്ധതി മുതലായ പദ്ധതികൾ മുഖേന ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് ലഭിക്കാത്തവർക്ക് വീട് ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ